₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 3

September 2020

pages 24

"ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ"

**(1 കൊരിന്ത്യർ 15:58)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 9 Issue 3 September 2020 pages 24 Rs.5/**



**Editor:**
Sebastian M.V.
Ph: 95 44 557 557



**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക്
വരിസംഖ്യയോ
സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ്
ചെക്ക് ആയി അയയ്ക്കാം.
ദയവായി മണിഓർഡർ
(MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**



**Book No. 105**


## ഉള്ളടക്കം


| | പേജ് |
|---|---|
| • ലജ്ജിച്ചു, തലതാഴ്ത്തു... | 3 |
| • പ്രതികരണങ്ങൾ | 6 |
| • തൃശ്ശൂരിലെ താരപ്പേട്ടൻ (1) | 7 |
| • അകവിലാവും പ്രിസ്കില്ലയും | 10 |
| • പുതിയനിയമത്തിലൂടെ യാത്ര(10) | 13 |
| • പരിശുദ്ധാത്മാവ് (28) | 16 |
| • യോവേൽ (17) | 19 |
| • ...ദുരന്തക്കാഴ്ചകൾ (55) | 22 |
| • ഗാന്ധിജിയുടെ കണ്ണട | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



# എഡിറ്റോറിയൽ

# ലജ്ജിച്ചു, തല താഴ്ത്തൂ, ദൈവമക്കളേ!

**കേരളത്തിലെ ഒരു കുടുംബകോടതി പുറപ്പെടുവിച്ച വിധി ദൈവമക്കൾക്കെല്ലാം നാണക്കേടുണ്ടാക്കുന്നത്; ഇതുപോലെയുള്ള വിധികൾ കോടതികൾ പുറപ്പെടുവിക്കും വിധം പെരുമാറിയിട്ട്, പിന്നെ കൊട്ടിപ്പാടി പ്രാർത്ഥിച്ചിട്ടും സുവിശേഷം അറിയിക്കാൻ പോയിട്ടും എന്തു പ്രയോജനം?! ആര് രക്ഷിക്കപ്പെടാൻ?!**

എന്തൊക്കെ പ്രതീക്ഷകളോടെയാണ് നാം വിവാഹം നടത്തുന്നത്! വിവാഹവേദിയിൽ ഉള്ള പ്രസംഗങ്ങൾ.. ഭാര്യ കീഴടങ്ങണം, ഭർത്താവ് പോറ്റിപ്പുലർത്തണം... പിന്നെയെല്ലാം കോമാളിത്തരങ്ങൾ... കല്യാണഹോളിൽ സ്വകാര്യമുറിയിൽ ചെറുക്കന്റെ പെങ്ങമ്മാരുടെ മുമ്പിൽ വച്ച് വധുവിന്റെ സാരി–ബ്ലൗസ്മാറ്റം... (ഇത്തരം ഒരു നാറ്റച്ചടങ്ങ് ഏതു തെമ്മാടിയാണാവോ ആരംഭിച്ചത്?) കേമറാമാന്റെ ലൗസീൻ ചിത്രീകരണം... വീണുരുളുന്നു... കെട്ടിപ്പിടിക്കുന്നു... പെണ്ണിനെ എടുത്തുകൊണ്ട് കുന്ന് കയറുന്നു... ആകെ ഒരു പ്രഹസനം. ഇത്തരത്തിൽ കുറെ കോപ്രായങ്ങൾ ആദ്യം തന്നെയങ്ങ് കാണിച്ചുകൂട്ടും. ദൈവകൃപ വിട്ടുമാറും വിധമുള്ള പെരുമാറ്റം ആദ്യം തന്നെ നടത്തും. പിന്നെ എങ്ങനെ കുടുംബജീവിതങ്ങൾ നന്നാവാൻ!

ഇവിടെ ഇതാ... ഏറെ പ്രതീക്ഷയോടെ നടന്ന ഒരു കല്യാണം. വധു ഒരു സുവിശേഷകന്റ മകൾ. വരൻ സുവിശേഷത്തിനു കൈത്താങ്ങൽ കൊടുക്കുന്ന ഒരു പിതാവിന്റെ മകൻ. ഇടനിലക്കാരനായി നിന്നത് മറ്റൊരു സുവിശേഷകൻ. ആകെക്കൂടി ഒരു ആത്മികമയം! പക്ഷേ അധികകാലം നിലനിന്നില്ല. ഭിന്നിപ്പിന്റെ ആത്മാവ് ചില ഹൃദയങ്ങളിൽ വ്യാപരിച്ചു. വേർപിരിഞ്ഞു താമസിക്കാൻ തുടങ്ങി. കേസ് കോടതിയിലെത്തി. വാദമുഖങ്ങൾ രണ്ടു കൂട്ടരും അവതരിപ്പിച്ചു. കൗൺസലിംഗ് നടത്തിയെങ്കിലും പരാജയപ്പെട്ടു. ഒടുവിൽ ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ കേരളത്തിലെ ഒരു കുടുംബകോടതി ഇതു സംബന്ധിച്ചുള്ള വിധി പുറപ്പെടുവിച്ചു.

ആ വിധിയുടെ പകർപ്പ് കണ്ടപ്പോൾ വല്ലാത്തൊരു മനഃപ്രയാസം എനിക്കുണ്ടായി. ആരുടെയും പക്ഷം പിടിക്കാതെ ആ വിധിയിലെ ചില വാചക

ങ്ങൾ ഇവിടെ ഉദ്ധരിച്ച്, എന്റെ ചില അഭിപ്രായങ്ങൾ ഞാൻ കൊടുക്കുകയാണ്. ഇതു വായിക്കുന്നവർ തങ്ങളുടെ കുടുംബജീവിതത്തെ സൂക്ഷിക്കട്ടെ.

**(1) Admittedly both petitioners and respondents belong to Brethren Church which is not used to receiving any gifts or dowry at the time of marriage. (തങ്ങൾ ബ്രദറൺസഭയിലുള്ളവരാണെന്നും ബ്രദറൺസഭയിലുള്ളവർ വിവാഹസമയത്ത് ഏതെങ്കിലും തരത്തിലുള്ള സമ്മാനങ്ങളോ സ്ത്രീധനമോ വാങ്ങിക്കാറില്ലെന്നും പരാതിക്കാരും എതിർകക്ഷികളും സമ്മതിക്കുന്നു)**

കുടുംബകോടതിയുടെ ഈ പരാമർശം കേട്ട് ബ്രദറുകാർ ഉൾപ്പുളകം കൊള്ളുകയൊന്നും വേണ്ട. കാരണം ഞാൻ പറയേണ്ടല്ലോ, അല്ലേ? സ്ത്രീധനത്തിന്റെ കാര്യം വരുമ്പോൾ ബ്രദറുകാർ വചനവും, പെന്തെക്കോസ്തുകാർ ആത്മാവും, മറ്റുള്ളവർ അവരുടെ സിദ്ധാന്തങ്ങളും വലിച്ചെറിയുന്നതായും 'കിട്ടുന്നതു പോരട്ടെ' എന്ന നയം സ്വീകരിക്കുന്നതായും പൊതുവെ കണ്ടുവരുന്നു. ബഹുമാനപ്പെട്ട ജഡ്ജി ഇതൊന്നും അറിയാത്തത് ഭാഗ്യം!

**(2) RW1 *(i.e husband)* said that he is prepared to live with PW1 *(i.e wife)* if she gets rid of her bad nature by counselling (RW1 *അതായത് ഭർത്താവ്* PW1 *അതായത് ഭാര്യ* -യോടൊപ്പം ജീവിക്കാൻ തയ്യാറാണെന്നും അവൾ അവളുടെ മോശം സ്വഭാവം ഉപേക്ഷിച്ചാൽ മതിയെന്നും പറഞ്ഞു)**

നല്ലത് സഹോദരാ. കുടുംബജീവിതം തകരാതിരിക്കാൻ നാം പരമാവധി പരിശ്രമിക്കണം. താങ്കളുടെ ആഗ്രഹം നടക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**(3) It appears to me that PW1 *(i.e wife)* is of quarrelsome nature and it is not possible for RW1 *(i.e husband)* to lead a peaceful life with PW1 *(i.e wife)* (ഞാൻ കണ്ടത്, PW1 *അതായത് ഭാര്യ* കലഹസ്വഭാവം ഉള്ളവളാണെന്നും അവളുടെ കൂടെ സമാധാനപരമായ ജീവിതം നയിക്കാൻ RW1 *അതായത് ഭർത്താവ്* -ന് സാധ്യമല്ല എന്നുമാണ്)**

പ്രിയ സഹോദരീ, കോടതിയുടെ കണ്ടെത്തൽ ശരിയോ തെറ്റോ എന്തെങ്കിലുമാകട്ടെ; കുടുംബജീവിതം നിങ്ങളുടേതാണ്. എല്ലാം മറന്ന്, കേസും കൂട്ടവുമായി നടക്കാതെ, നിങ്ങളുടെ കുഞ്ഞിന്റെ ഭാവിയോർത്തെങ്കിലും വചനം നിർദ്ദേശിക്കുന്ന തരത്തിലുള്ള ഒരു ഭാര്യയായി ജീവിച്ചു കാണിച്ച്, കോടതിയുടെ കണ്ടെത്തൽ തിരുത്തൂ. അങ്ങനെ ദൈവനാമം മഹത്വപ്പെടട്ടെ. ഭാര്യ പിതൃഭവനത്തെ മറക്കണമെന്നു സങ്കീ.45:10 നെ ആധാരമാക്കി പ്രസംഗിക്കുന്നത് കേട്ടിട്ടില്ലേ? പുരുഷനാണെങ്കിൽ അപ്പനെയും അമ്മയെയും വിട്ടു പിരിയുകയും വേണം. (വയസ്സായ അവരെ ഉപേക്ഷിക്കണമെന്നല്ല). ഇപ്രകാരം വചനത്തിലെ വ്യവസ്ഥകൾ പാലിച്ച് നല്ലൊരു കുടുംബജീവിതം നയിക്കുക.

കുട്ടിയുടെ ചെലവിലേക്ക് മാസം തോറും ഒരു നിശ്ചിത തുക കൊടുക്കണമെന്നു കുട്ടിയുടെ പിതാവിനോട് ഉത്തരവിട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതി വിധിന്യായം പൂർത്തിയാക്കുന്നത്. കുട്ടിയുടെ ചെലവ് പിതാവിൽനിന്നും ഈടാക്കാം; പക്ഷേ ആ കുഞ്ഞിന് പിതാവിന്റെ സ്നേഹം വേണ്ടേ? ആ പിതാവിന്റെ സംരക്ഷണവും പരിപാലനവും വേണ്ടേ? അതുകൊണ്ട് രണ്ടു വീട്ടുകാരും കുറച്ചുംകൂടി പ്രാർത്ഥനയോടുകൂടി ഇടപെടുകയും ഈ പ്രശ്നം ദൈവനാമം മഹത്വപ്പെടുന്ന രീതിയിൽ രമ്യമായി തീർക്കുകയും വേണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഞാൻ ആവർത്തിക്കുന്നു: വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരു സ്ത്രീയും തന്റെ പിതൃഭവനത്തെ മറക്കണം. പിതൃഭവനത്തെ ഉപേക്ഷിക്കണം എന്നോ സ്നേഹിക്കാതിരിക്കണം എന്നോ അല്ല; അവർക്ക് മുൻഗണന കൊടുക്കുന്നത് നിറുത്തണം. ഭർത്താവിന്റെ വീടിന് മുൻഗണന കൊടുക്കണം. ഭർത്താവിന്റെ വീടുമായി പൊരുത്തപ്പെടണം. ഭർത്താവിന്റെ വീട്ടിലെ പണം ഉപയോഗിച്ച് പിതൃഭവനത്തെ പോഷിപ്പിക്കാം എന്ന ചിന്തയുമായി ഒരു പെൺകുട്ടിയും വിവാഹത്തിനു തുനിയരുത്. ഭർത്താവും ഭർത്താവിന്റെ വീട്ടിലുള്ളവരും ആണുങ്ങളാണെങ്കിൽ ആ മോഹം നടക്കുകയില്ല.

അതുപോലെ, വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഒരു പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ടുപിരിയണം. ഉപേക്ഷിക്കണം എന്നോ അവരെ സംരക്ഷിക്കരുത് എന്നോ അല്ല. അവരെക്കാൾ അവൻ മുൻഗണന കൊടുക്കേണ്ടത് ഭാര്യക്കാണ്. ഭാര്യയാണ് അവന്റെ സ്വന്തം. തക്ക തുണ. ഭാര്യയുടെ പിന്നാലെ ഒരു പെണ്ണുംകുണുങ്ങിയായി നടക്കണം എന്നുമല്ല. അവൾക്ക് തലയായിരിക്കണം. അവളെ സ്നേഹിക്കണം. ഭാര്യവീട്ടുകാരുടെ പണം കണ്ടുകൊണ്ടല്ല അവളെ സ്നേഹിക്കേണ്ടത്. അവളെ പോറ്റിപ്പുലർത്തണം. അവളെ തിരുത്തണം.

വിവാഹം കഴിഞ്ഞാൽ ഭാര്യ ഭർത്താവിനോടൊപ്പം ഭർത്താവിന്റെ വീട്ടിൽ കഴിയുന്നതാണ് ബൈബിളിലെ രീതിയും നമ്മുടെ നാട്ടുനടപ്പും. പക്ഷേ മിക്കവാറും കണ്ടുവരുന്നത്, ഭാര്യക്ക് ഭർത്താവിന്റെ കുടുംബത്തിൽ ഭർത്താവിനെ മാത്രമേ വേണ്ടൂ. ഭർത്താവിന്റെ കുടുംബത്തിലെ മറ്റു അംഗങ്ങളെ ഭാര്യയ്ക്കു വേണ്ട. ഭർത്താവിന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ ഒന്നും വേണ്ട. ഭർത്താവും പിന്നെ സ്വന്തം വീട്ടുകാരും സ്വന്തം ബന്ധുക്കളും മാത്രം. ഭാര്യയുടെ തലയണമന്ത്രത്തിന്റെ ശക്തി കാരണമാകാം, ഭർത്താവും അതിനു കൂട്ടുനിൽക്കുന്ന സ്ഥിതി പലയിടങ്ങളിലും കണ്ടുവരുന്നു. ഇതെന്തു ന്യായം?

ഒരു വീട്ടിലെ മകന്റെ വിവാഹം കഴിയുന്നതോടുകൂടി ആ മകൻ ഭാര്യയുടെയും ഭാര്യവീട്ടുകാരുടെയും നിയന്ത്രണത്തിൽ ആയിപ്പോകുന്നത് കണ്ട് നെടുവീർപ്പിടുന്ന ധാരാളം മാതാപിതാക്കൾ ഉണ്ട്. അപ്രകാരമല്ലാത്ത ഒരു മകനാണ് ഈ കോടതിവിധിയിലെ ഭർത്താവ്. അഭിനന്ദനങ്ങൾ! (MVS)

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## P P Mathai, Meemutty, Kozhikode

മാസിക വായിക്കാൻ വളരെ ഇഷ്ടമാണ്. ലളിതമായ ഭാഷയാണ്. മടുപ്പു കൂടാതെ വായിക്കാൻ കഴിയുന്നു. വായിക്കാൻ തുടങ്ങിയാൽ മുഴുവൻ വായിച്ചുതീരാതെ നിറുത്തില്ല. വായിച്ചാൽ എളുപ്പം മനസ്സിലാകുന്നു. ജ്ഞാനത്തോടുകൂടെയുള്ള എഴുത്താണ്.

## M T Yohannan, Ollukkara, Thrissur

ഞാനും ഭാര്യയും വളരെ താത്പര്യത്തോടെ വായിക്കുന്ന മാസികയാണിത്. മടികൂടാതെ കാര്യങ്ങൾ കറ തീർന്ന് തുറന്നെഴുതുന്നത് അഭിനന്ദനാർഹമാണ്. ഈ മാസിക കിട്ടിയാൽ അതു വായിച്ചുകഴിഞ്ഞേ മറ്റുള്ളവയ്ക്ക് പ്രാധാന്യം കൊടുക്കാറുള്ളൂ.

## Joseph Jose, Kadavoor, Ernakulam

ഈ മാസിക തുടക്കം മുതൽ വായിക്കുന്ന വ്യക്തിയാണ് ഞാൻ. നന്നായി എഴുതുന്നുണ്ട്. പലതും ധൈര്യസമേതം എഴുതുന്നു. വാട്സാപ്ഗ്രൂപ്പിൽ എന്നെയും ഉൾപ്പെടുത്തുമല്ലോ. താങ്കളുടെ ശുശ്രൂഷയെ ദൈവം ധാരാളായി അനുഗ്രഹിക്കട്ടെ.

## Evg. Anilkumar, Chirayinkezhu, Trivandrum

റിയൽലൈഫ് മാസിക മുടങ്ങാതെ വായിക്കുന്നുണ്ട്. ആഗസ്റ്റ്മാസത്തിലേയും കിട്ടി. ആകെ 24 പേജുള്ള ഒരു മാസിക. വളരെ ഗുണനിലവാരമുണ്ട്. ധാരാളം അറിവ് ബിബ്ലിക്കലായി ലഭിക്കുന്നുണ്ട്. അതോർത്ത് കർത്താവിനെ സ്തുതിക്കുന്നു. ബ്രദറിനെ ദൈവം അനുഗ്രഹിക്കട്ടെ. തുടർന്നും നല്ല നല്ല ലേഖനങ്ങൾ വായിക്കാൻ ആഗ്രഹിക്കുന്നു. പ്രത്യേകിച്ചും ആഗസ്റ്റ്മാസത്തിലെ എഡിറ്റോറിയൽ (പുരുഷന്മാരെക്കുറിച്ചുള്ള പൗലൊസിന്റെ ആഗ്രഹം) വളരെ നന്നായിരുന്നു. ഞാൻ പലർക്കും ഈ മാസിക പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. തുടർന്നും ദൈവം അനുഗ്രഹിക്കട്ടെ. ആമേൻ.

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

1

**-എംവിഎസ്-**

**"കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ**
**വ്യാകുലകാലം തീരാറായ് ക്രൂശിൻ സാക്ഷികളേ**
**ആയാറിൽ നീ കണ്ടീടും ദൂതസേനകളേ**
**അവരുടെ നടുവിലെൻ പ്രിയനെക്കാണാം മേഘത്തിൽ"**

കഴിഞ്ഞ 80-തിൽപ്പരം വർഷങ്ങളായി കേരളക്കരയിലെ ക്രിസ്ത്യാനികൾ സഭാവ്യത്യാസം മറന്ന് പാടുന്ന ഒരു ഗാനമാണിത്. മാരാമൺകൺവെൻഷൻ ഉൾപ്പെടെ പല കൺവൻഷനുകളിലും ഈ ഗാനം സംഘം ചേർന്ന് ആലപിച്ചിട്ടുണ്ട്. സങ്കടത്തിന്റെ സാഹചര്യങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ക്രൂശിൻസാക്ഷികളായ ദൈവമക്കളോട്, കാഹളനാദം കേൾക്കാറായി എന്നും വ്യാകുലകാലം തീരാറായി എന്നും ആഹ്വാനം ചെയ്തുകൊണ്ട് അവരിൽ പ്രത്യാശയുടെ പൊൻകിരണങ്ങൾ പകർന്നുകൊടുത്ത്, കർത്താവിനുവേണ്ടി മരണംവരെ തലയുയർത്തി നിവർന്നു നിൽക്കാൻ പ്രേരിപ്പിക്കുകയാണ് ഈ വരികളിലൂടെ ഭക്തകവി ചെയ്യുന്നത്.

ആരാണ് ആ ഭക്തകവി? കേരളക്കരയിലെ ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ കല്ലോലമാല തീർത്ത ഈ പാട്ടിന്റെ ശില്പി ആരാണെന്നു പലർക്കും അറിഞ്ഞുകൂടാ. പക്ഷേ ആ അനുഗൃഹീതനായ ദൈവദാസനെ അങ്ങനെ ആരും മറക്കരുത്. മലയാളനാട്ടിലെ പഴയ സുവിശേഷപ്രവർത്തകരെ നാമൊരിക്കലും മറക്കരുത്. ആത്മാർത്ഥമായി സുവിശേഷവേല ചെയ്യുന്ന സുവിശേഷകന്മാർ ഇക്കാലത്തുമുണ്ട്. അവരെ ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. എങ്കിലും ഹൈടെക് സുവിശേഷകന്മാർക്ക് പഞ്ഞമില്ലാത്ത ഇക്കാലത്ത്, വിയർപ്പിന്റെ അസുഖമുള്ളവരെല്ലാം സുവിശേഷകന്മാർ എന്ന സുരക്ഷിതമായ മേലങ്കി അണിയാൻ വെമ്പുന്ന ഇക്കാലത്ത്, ആ ഭക്തകവിയെ നാം ഓർക്കേണ്ടത് ആവശ്യം തന്നെയാണ്.

ഈ പാട്ട് അച്ചടിച്ച് അതിന്റെ ചുവട്ടിൽ സ്വന്തം പേര് വച്ച് ഈ പാട്ടിന്റെ പിതൃത്വം സ്വയം അവകാശപ്പെട്ടവരുമുണ്ട്. കാലപ്പഴക്കം ഏറെയുള്ളതുകൊണ്ടും യഥാർത്ഥ എഴുത്തുകാരൻ ഇന്നില്ല എന്നുമുള്ള ചിന്തയാകാം ഇത്തരം വില കുറഞ്ഞ ചങ്കൂറ്റത്തിനു അവരെ പ്രേരിപ്പിച്ചത്.

സി. വി. താരപ്പൻ.... അദ്ദേഹമാണ് ഈ ഗാനത്തിന്റെ യഥാർത്ഥ ശിൽപി. തൃശ്ശൂർകാർ ഇന്നും സ്നേഹത്തോടെ ഓർക്കുന്ന താരപ്പേട്ടൻ!

## സി. വി. താരപ്പൻ - ഒറ്റ നോട്ടത്തിൽ

o തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ, കാട്ടകാമ്പാൽ വില്ലേജിൽ, പെങ്ങാമുക്ക് എന്ന ഗ്രാമത്തിൽ, ഒരു യാക്കോബായ കുടുംബത്തിൽ ജനനം

o ജീവിതകാലഘട്ടം 1886–1958

o മഹാകവി കെ. വി. സൈമണുമായി (1883–1944) സജീവമായ സുഹൃദ്ബന്ധം ഉണ്ടായിരുന്നു. രണ്ടു പേരും ഒരുമിച്ച് കൺവൻഷനുകളിൽ പങ്കെടുത്തിട്ടുണ്ട്. മഹാകവി കെ. വി. സൈമന്റെ ഡയറിക്കുറിപ്പുകളിൽ സി. വി. താരപ്പനോടൊപ്പമുള്ള പ്രവർത്തനത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതുപോലെത്തന്നെ സി. വി. താരപ്പന്റെ അനുഭവക്കുറിപ്പുകളിൽ മഹാകവിയെയും കുറിച്ച് പറഞ്ഞിരിക്കുന്നു.

o ദാരിദ്ര്യം മൂലം ഔപചാരികവിദ്യാഭ്യാസം അധികം നേടാനായില്ല.

o “കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ” എന്ന ഗാനമുൾപ്പെടെ 300–ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി.

o ക്രിസ്തീയസഭാചരിത്രം, വെളിപ്പാടിന്റെ വ്യാഖ്യാനം എന്നിങ്ങനെ പതിനേഴോളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. 1926 ൽ പ്രസിദ്ധീകരിച്ച ക്രിസ്തീയസഭാചരിത്രം മലയാളത്തിലെ തന്നെ ആദ്യത്തെ സഭാചരിത്രമാണ്. (കെ. വി. സൈമന്റെ ക്രൈസ്തവസഭാചരിത്രം പ്രസിദ്ധീകരിച്ചത് 1935 ൽ)

o സെറാംപൂർ യൂണിവേഴ്സിറ്റിയിൽ സി.വി.താരപ്പനെ കേന്ദ്രബിന്ദുവാക്കി സമർപ്പിക്കപ്പെട്ട രണ്ടു വ്യത്യസ്ത ഗവേഷണപ്രബന്ധങ്ങൾ ഉണ്ട്. പോർക്കുളത്തുള്ള ശ്രീ. സൈമൺ വർഗ്ഗീസ് (പ്രഭുദാസ്) 1982 ലും, അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. ഓമന വർഗ്ഗീസ് 1987 ലും തങ്ങളുടെ ബിരുദപഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയവയാണ് ഈ ഗവേഷണപ്രബന്ധങ്ങൾ.

o ജെ.സി.ദേവ്, ലിജോവർഗ്ഗീസ് പാലമറ്റം എന്നീ എഴുത്തുകാർ സി.വി. താരപ്പനെക്കുറിച്ച് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

o ജീവധ്വനി മാസികയിൽ അദ്ദേഹത്തിന്റെ ആത്മകഥയുടെ ഒരു ഭാഗം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സി. വി. താരപ്പിനിലേക്ക് എന്റെ നോട്ടം എത്തിയ വിധം

ജീവധ്വനി മാസികയുടെ എഡിറ്ററും, തൃശ്ശൂരിലെ ലാലൂരിലെ ക്രിസ്തുസഭയുടെ എൽഡറുമാണ് ശ്രീ. കെ. ആർ. ജോസ്. അദ്ദേഹത്തിൽനിന്നും ഞാൻ സി.വി.താരപ്പൻസഹോദരനെപ്പറ്റി പലപ്പോഴും കേട്ടിട്ടുണ്ട്. 80 വയസ്സു പിന്നിട്ട അദ്ദേഹം താരപ്പേട്ടനെ നേരിൽ കണ്ടിട്ടുള്ളയാളും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടിട്ടുള്ളയാളും ആണ്. താരപ്പേട്ടന്റെ രൂപം, വേഷം, ചിന്താഗതികൾ എന്നിവയെല്ലാം അദ്ദേഹത്തിന്റെ ഓർമ്മയിലുണ്ട്.

അങ്ങനെയിരിക്കെ, *കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ* എന്ന ഗാനം യൂട്യൂബിൽ കാണുവാനിടയായി. കേട്ടപ്പോൾ തന്നെ അതിമനോഹരം എന്നു തോന്നി. ഈ ഗാനത്തിൽ കുഞ്ഞാട്ടിന്റെ കാന്തയായ സഭയെ "പ്രാവേ" എന്നു വിളിച്ചുകൊണ്ടുള്ള വരികൾ എന്നെ വളരെ ആകർഷിച്ചു. "പലവിധമൂഢർക്കടിമകളായ് പാർക്കുന്നേ പ്രാവേ", "വ്യാകുലയായവളേ പ്രാവേ", "അരികളെതിർത്തതിനാലേറ്റം ക്ഷീണിച്ചോ പ്രാവേ", "ക്രൂരജനത്തിൻ നടുവിൽ നീ പാർക്കുന്നോ പ്രാവേ" എന്നീ വരികൾ എത്ര സുന്ദരം!

ഇത്ര നല്ല വരികൾ ഇക്കാലത്ത് എഴുതിയത് ആരാണ് എന്നു ഞാൻ അതിശയപ്പെട്ടുപോയി. അപ്പോഴാണ് എന്റെ ഭാര്യ പറഞ്ഞത്, "ഇത് വളരെ പഴയ ഗാനമാണ്. എന്റെ അമ്മയൊക്കെ ഇത് പാടുന്നത് ഞാൻ നന്നേ ചെറുപ്പത്തിൽ കേട്ടിട്ടുണ്ട്." പക്ഷേ എന്തുകൊണ്ടോ ഈ ഗാനം ഇത്ര നാളും എന്റെ ശ്രദ്ധയിൽ പെടാതെ പോയി. ആരാണ് ഈ ഗാനം എഴുതിയ അനുഗൃഹീത കവി? ആ അന്വേഷണം എത്തിച്ചേർന്നത് സി. വി. താരപ്പനിൽ!

ശ്രീ. കെ. ആർ. ജോസിൽനിന്നും താരപ്പേട്ടനെപ്പറ്റി മുന്നേ കേട്ടറിഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ലേഖനം (രണ്ടോ മൂന്നോ പേജ് മാത്രമുള്ളത്) എഴുതണമെന്ന് ഹൃദയത്തിൽ പ്രേരണയുണ്ടായി. ഈ വിവരം അദ്ദേഹത്തോട് പറഞ്ഞപ്പോൾ, ശ്രീ. ജെ. സി. ദേവ് താരപ്പേട്ടനെക്കുറിച്ച് എഴുതിയിട്ടുണ്ടെന്നു അറിയുവാനിടയായി. എബനേസർ പ്രിന്റേഴ്സിലെ ശ്രീ. ടി. എഫ്.ജെയിംസുമായി ഈ വിഷയം പങ്കുവച്ചപ്പോൾ, അദ്ദേഹത്തിലൂടെ താരപ്പേട്ടനിലേക്കു എത്താനുള്ള നിരവധി ജാലകങ്ങൾ തുറക്കപ്പെട്ടു. പലരെയും പരിചയപ്പെട്ടു. സന്ദർശിച്ചു. വിവരങ്ങൾ ശേഖരിച്ചു. അമൂല്യങ്ങളും, കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരുന്നതുമായ പല രചനകളും ലഭിച്ചു.

'മഹാകവി കെ. വി. സൈമൺ' എന്ന പേരിൽ മുമ്പ് ഞാൻ ഒരു ലേഖനപരമ്പര (28 ലക്കങ്ങൾ) എഴുതി റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാകവി കെ. വി. സൈമന്റെ സുഹൃത്തായിരുന്നു സി. വി. താരപ്പൻ എന്നു വെളിപ്പെടുത്തിയത് ശ്രീ. ജെ. സി. ദേവ് ആണ്. അതിന് അദ്ദേഹം തെളിവുകളും ഹാജരാക്കി. എല്ലാ കാര്യങ്ങളും ചേർത്തുവച്ചു നോക്കിയപ്പോൾ എനിക്കു ഒരു കാര്യം മനസ്സിലായി. 'സി. വി. താരപ്പൻ' രണ്ടോ മൂന്നോ പേജിൽ ഒതുങ്ങുകയില്ല. ഒരു ലേഖനപരമ്പര തന്നെ വേണ്ടിവരും.

സുവിശേഷകനും, ഗാനരചയിതാവും, പ്രഭാഷകനും, അപ്പോളജിസ്റ്റും, എഴുത്തുകാരനുമായ സി.വി. താരപ്പൻസഹോദരന്റെ ജീവിതവും പ്രവർത്തനങ്ങളും ഉപദേശങ്ങളും നമ്മുടെ വായനക്കാരുടെ മുമ്പാകെ ഞാൻ അഭിമാനപൂർവ്വം അനാവരണം ചെയ്യുകയാണ്. ഒരു അന്വേഷണപരമ്പരയുടെ ഉത്പന്നമായ ഈ ലേഖനപരമ്പരയിൽ, തെളിവുകളായി ലഭിച്ച രചനകളും സാക്ഷിമൊഴികളും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള അവതരണമാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്.

**(തുടരും)**

# അകിലാവും പ്രിസ്കില്ലയും

## (മാതൃകാകുടുംബം)

### പ്രൊഫ. റ്റി. ജോൺമാത്യു, മണ്ണുത്തി

ദൈവത്തെ അനുസരിച്ചും മഹത്വപ്പെടുത്തിയും കൊണ്ട് ജീവിതം നയിച്ച അനേകം ആളുകളെക്കുറിച്ചും അവരുടെ കുടുംബങ്ങളെക്കുറിച്ചും ദൈവവചനത്തിൽ നാം വായിക്കുന്നു. പഴയനിയമത്തിലെ യോശുവയുടെ കുടുംബം ഒരു മാതൃകാകുടുംബം ആയിരുന്നു. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്നു യോശുവയ്ക്കു വളരെ ധൈര്യത്തോടെ പറയുവാൻ കഴിഞ്ഞത് (യോശുവ 24:15) ഇക്കാരണത്താലായിരുന്നു.എന്നാൽ യോശുവയുടെ കുടുംബജീവിതത്തിന്റെ വിശദവിവരങ്ങൾ വചനത്തിൽ നാം കാണുന്നില്ല.

കുടുംബസൗധത്തിന്റെ ശില്പികൾ എന്ന നിലയിൽ ഭാര്യയ്ക്കും ഭർത്താവിനും തുല്യപ്രാധാന്യവും തുല്യഉത്തരവാദിത്തവുമുണ്ട്. അവർ രണ്ടു വ്യക്തികളാണെങ്കിലും ഒറ്റ ഒരു വ്യക്തി എന്ന നിലയിൽ പെരുമാറുവാനും പ്രവർത്തിക്കുവാനും ചുമതലപ്പെട്ടിരിക്കുന്നു എന്നു ദൈവവചനം വ്യക്തമാക്കുന്നു. പഴയനിയമത്തിലെ ആദ്യപുസ്തകമായ ഉല്പത്തിയിൽ തന്നെ (2:24-25) ഈ സുപ്രധാന സത്യം ദൈവാത്മാവ് രേഖപ്പെടുത്തി വച്ചിരിക്കുകയാണ്. പുതിയനിയമകാലഘട്ടത്തിലും ഈ സത്യം മാറ്റമില്ലാതെ തുടരുന്നുവെന്നു യേശുക്രിസ്തുവിന്റെ വാക്കുകൾ (മർക്കൊസ് 10:6-9) തെളിയിക്കുന്നു.

ഒറ്റ ഒരു വ്യക്തി എന്ന നിലയിൽ ഭാര്യയും ഭർത്താവും ഒരുമിച്ച് ദൈവേഷ്ടപ്രകാരം ജീവിതം നയിക്കുമ്പോൾ അവരുടെ ജീവിതത്തിൽ തലയുടെ സ്ഥാനം ഭർത്താവിനും ശരീരത്തിന്റെ സ്ഥാനം ഭാര്യയ്ക്കും ഉണ്ടെന്ന് ദൈവവചനത്തിൽ (1 കൊരിന്ത്യർ 11:3; എഫെസ്യർ 5:28) സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ഈ വചനസത്യം അംഗീകരിച്ചുകൊണ്ട് പരസ്പര സ്നേഹത്തോടെയും പരസ്പര ബഹുമാനത്തോടെയും ജീവിതം നയിക്കുന്ന ഭാര്യാഭർത്താക്കന്മാർക്ക് ദൈവാത്മനിയോഗപ്രകാരം മഹത്തായ ദൗത്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്; ഇക്കാലത്തും സാധിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ കുടുംബജീവിതം സംബന്ധിച്ച ദൈവവചനസത്യങ്ങൾ ധിക്കരിച്ചുകൊണ്ട് ജീവിച്ചിട്ടുള്ളവർ കഴിഞ്ഞ കാലങ്ങളിലെന്നതുപോലെ ഇക്കാലത്തും ഭൂമിയിൽ നരകസൃഷ്ടി നടത്തുന്നവരായിട്ടാണ് ഇരുന്നിട്ടുള്ളതും ഇരിക്കുന്നതും.

അക്വിലാവും പ്രിസ്കില്ലയും രണ്ടു വ്യക്തികൾ ആയിരുന്നുവെങ്കിലും ഒറ്റ ഒരു വ്യക്തി മാത്രമാണ് തങ്ങളെന്ന നിലയിൽ അവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. പൗലൊസ് കൊരിന്തിൽ ചെന്നപ്പോൾ അവർ അദ്ദേഹത്തെ തങ്ങളുടെ ഭവനത്തിൽ അതിഥിയായി സ്വീകരിക്കുകയും അവിടെ തുടർന്നു താമസിച്ചുകൊണ്ട് സുവിശേഷവേല നടത്തുവാൻ സഹായിക്കുകയും ചെയ്തു (അപ്പൊ.പ്രവൃ.18:1-4). കൊരിന്തിൽ കുറെക്കാലം പൗലൊസിനോട് സഹകരിച്ചുകൊണ്ട് സുവിശേഷപ്രവർത്തനം നടത്തുകയും സഭ സ്ഥാപിക്കുകയും ചെയ്തശേഷം അവർ പൗലോസിനോടൊപ്പം എഫെസൊസിൽ എത്തുകയും അവിടെ സുവിശേഷഘോഷണം നിർവ്വഹിക്കുകയും ചെയ്തു (അപ്പൊ. പ്രവൃ.18:19)

“നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി ദൈവത്തിനു സമർപ്പിപ്പിൻ” (റോമർ 12:1) എന്ന കല്പന ആത്മാർത്ഥമായി അവർ അനുസരിച്ചുവെന്നും ആ നിലയിൽ അവർ അതിമഹത്തായ ഒരു മാതൃകയാണ് നമുക്കു കാണിച്ചുതന്നിരിക്കുന്നതെന്നും പറയുവാൻ കഴിയും. പുതിയനിയമസഭയെ സംബന്ധിച്ച നിരവധി സത്യങ്ങൾ വെളിപ്പെടുത്തുന്ന തന്റെ ലേഖനങ്ങളെല്ലാം പൗലൊസ് എഴുതിയത് AD 57 നു ശേഷമായിരുന്നു എന്നത് ചരിത്രവസ്തുതയാണ്.

ഈ ലേഖനങ്ങൾ എഴുതാൻ തുടങ്ങുന്നതിനു ചില വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവമാണ് റോമർ 16:3-4 ൽ പരാമർശിച്ചിരിക്കുന്നത്. “ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്‌വിൻ. അവർ എന്റെ പ്രാണനുവേണ്ടി തങ്ങളുടെ കഴുത്ത് വച്ചുകൊടുത്തവരാകുന്നു; അവർക്കു ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും കൂടെ നന്ദി പറയുന്നു” എന്നീ വാക്കുകൾക്കു പിന്നിലെ സംഭവം എന്തായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

കൊരിന്തിൽ വച്ചോ അല്ലെങ്കിൽ എഫെസൊസിൽ വച്ചോ പൗലൊസിനെ കൊന്നുകളയേണ്ടതിനായി സുവിശേഷവിരോധികൾ (മത

ഭ്രാന്തന്മാരായിരുന്ന യെഹൂദന്മാർ) വാളുകളുമായി വന്നപ്പോൾ പൗലൊസിനു വെട്ടു കൊള്ളാതിരിക്കേണ്ടതിനായി അദ്ദേഹത്തിന്റെ മുന്നിലും പിന്നിലുമായി അവർ നിലയുറപ്പിച്ചു നിന്നു. തങ്ങളുടെ കഴുത്തു വെട്ടാതെ ആ അക്രമികൾക്ക് പൗലൊസിനെ വെട്ടുവാൻ സാധ്യമല്ലെന്നു അവർ ആ കൊലയാളിസംഘത്തെ ബോധ്യപ്പെടുത്തി. അങ്ങനെയാണ് ആ അക്രമികൾ പൗലൊസിനെ കൊന്നുകളയാനുള്ള പരിശ്രമത്തിൽനിന്നു പിന്തിരിഞ്ഞത്.

ആ അക്രമിസംഘത്തിന്റെ മുമ്പിൽവച്ച് തങ്ങൾ രണ്ടു ആളുകളാണെങ്കിലും ഒറ്റ ഒരു വ്യക്തിയും ഒറ്റ ഒരു ശരീരവും എന്ന നിലയിൽ ഏകമനസ്സോടെയും ഏകലക്ഷ്യത്തോടെയും പൗലൊസിനെ രക്ഷിക്കുക എന്ന ദൈവിക ദൗത്യം നിർവ്വഹിക്കുവാൻ അക്വിലാവും പ്രിസ്കില്ലയും തയ്യാറായി. കർത്താവ് അവരെ ഏല്പിച്ച ദൗത്യം എന്തു ത്യാഗം സഹിച്ചും നിറവേറ്റുവാൻ അവർ തയ്യാറായതുകൊണ്ടാണ് പുതിയ നിയമസഭാസത്യങ്ങൾ വെളിപ്പെടുത്തുന്ന പതിമൂന്നോളം ലേഖനങ്ങൾ ജീവനോടെ ഇരുന്നുകൊണ്ട് പില്ക്കാലത്ത് എഴുതുന്നതിന് പൗലൊസിനു ഇടവന്നത്.

ഈ സംഭവം ഉണ്ടായതിനുശേഷം തന്റെ പ്രവർത്തനഫലമായി പൗലൊസ് സ്ഥാപിച്ച സഭകളിലെ വിശ്വാസികൾ മാത്രമല്ല, പുതിയനിയമം വായിക്കുന്ന സകല മനുഷ്യരുംതന്നെ ഒരർത്ഥത്തിൽ അക്വിലാവിനോടും പ്രിസ്കില്ലയോടും നന്ദി പറയാൻ കടപ്പാടുള്ളവരാണ്. അവരെപ്പോലെ ദൈവഹിതത്തിനു സമ്പൂർണ്ണമായി കീഴ്പെട്ടുകൊണ്ട് തങ്ങൾക്കു ദൈവം തന്നിട്ടുള്ളത് മുഴുവൻ യാഗമായി ദൈവത്തിനു സമർപ്പിക്കാനും ദൈവം തങ്ങളെ ഏല്പിച്ച ദൗത്യം നിർവ്വഹിക്കാനും വിശ്വാസികളായ ഭാര്യാഭർത്താക്കന്മാർ തയ്യാറാകേണ്ടിയിരിക്കുന്നു. സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ദൈവം തന്നിട്ടുള്ള എല്ലാ കഴിവുകളും സാഹചര്യങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് അക്വിലാവിനെയും പ്രിസ്കില്ലയെയുംപോലെ പോരാടുവാൻ നാം തയ്യാറായെങ്കിൽ!

(കൊരിന്തിൽ വച്ച് പൗലൊസ് സ്നാനപ്പെടുത്തിയ പള്ളിപ്രമാണിയായിരുന്ന ക്രിസ്പൊസ് യെഹൂദനായിരുന്നു എന്ന വസ്തുതയും, അദ്ദേഹത്തിന്റെ സ്നാനം യെഹൂദന്മാരെ പ്രകോപിപ്പിച്ചിരിക്കാം എന്ന കാര്യവും, പൗലൊസിനു സ്വജനത്താലുള്ള ആപത്തു സഹിക്കേണ്ടി വന്നു എന്ന കാര്യവും അപ്പൊ.പ്രവൃ.18:5-11; 1 കൊരിന്ത്യർ 1:14-15; 2 കൊരിന്ത്യർ 11:26 എന്നീ വേദഭാഗങ്ങളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന സംഭവം കൂടുതൽ വ്യക്തമാകും) ❍

# (10) പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

**രണ്ടാം ഭാഗം: മലകൾ**

2. **സീനായ്മല** (ഗലാത്യർ 4:24,25)

പുതിയ നിയമത്തിൽ നാം കാണുന്ന മറ്റൊരു മലയാണ് സീനായ്മല. അപ്പൊ.പ്രവൃ. 7:30,38; ഗലാത്യർ 4:24,25 എന്നിങ്ങനെ രണ്ടു പുസ്തകങ്ങളിലായി ആകെ നാലു വാക്യങ്ങൾ മാത്രമാണ് സീനായ്മലയെക്കുറിച്ചു പുതിയനിയമത്തിലുള്ളത്. എന്നാൽ പഴയനിയമത്തിലാകട്ടെ അമ്പതോളം വാക്യങ്ങളുണ്ട്. സീനായ്മലയെക്കുറിച്ചുള്ള ബൈബിളിലെ അവസാനവാക്യം ഗലാത്യർ 4:25 ആണ്.

**സീനായ്പർവ്വതവും ഹോരേബ്പർവ്വതവും:** രണ്ടും ഒന്നാണ്. ബൈബിളിൽ ചിലയിടങ്ങളിൽ സീനായ് എന്നും മറ്റു ചിലയിടങ്ങളിൽ ഹോരേബ് എന്നും ഉപയോഗിച്ചിരിക്കുന്നു എന്നേയുള്ളൂ. ദൈവം സീനായ്പർവ്വതത്തിൽ ഇറങ്ങി മോശെയോടു സംസാരിച്ചുവെന്നു പുറപ്പാട് 19 ൽ പറയുന്നു (ഉദാഹരണം 18-ാം വാക്യം); എന്നാൽ ദൈവം ഹോരേബ്പർവ്വതത്തിൽ ഇറങ്ങിയാണ് മോശെയോട് സംസാരിച്ചതെന്നു ആവർത്തനപ്പുസ്തകം 4 ൽ പറയുന്നു (ഉദാഹരണം 15-ാം വാക്യം). ഇതു രണ്ടും ചേർത്തു ചിന്തിക്കുമ്പോൾ, സീനായ്പർവ്വതവും ഹോരേബ്പർവ്വതവും ഒന്നാണെന്നു മനസ്സിലാക്കാം.

**സീനായ്പർവ്വതവും സീയോൻപർവ്വതവും:** സീനായിയും സീയോനും പലർക്കും പരസ്പരം തെറ്റിപ്പോകാറുണ്ട്. രണ്ടും ഒന്നാണോ എന്നു സംശയിക്കുന്നവരെയും കണ്ടിട്ടുണ്ട്. സീനായ്പർവ്വതവും സീയോൻപർവ്വതവും തമ്മിലുള്ള മൂന്നു വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കാം: (1) **സീനായ്**പർവ്വതത്തിന്റെ മറ്റൊരു പേര് ഹോരേബ് എന്നാണ്; എന്നാൽ സീയോൻപർവ്വതത്തിന്റെ മറ്റൊരു പേര് ഹെർമ്മോൻ എന്നാണ് (ആവർത്തനം 4:48). (2) **സീനായ്**പർവ്വതത്തിൽ വച്ചാണ് ദൈവം മോശെക്ക്

ന്യായപ്രമാണം കൊടുത്തത് (പുറപ്പാട് 19); എന്നാൽ സീയോൻപർവ്വതത്തെയാണ് ദൈവം വസിക്കുന്ന സ്ഥലമായി വിശേഷിപ്പിക്കുന്നത് (സങ്കീ. 76:2). (3) **സീനായ്**പർവ്വതം സ്ഥിതി ചെയ്യുന്നത് അറബിദേശത്താണ് (ഗലാത്യർ 4:5); സീയോൻ പർവ്വതം സ്ഥിതി ചെയ്യുന്നതാകട്ടെ യെരൂശലേമിലും (1 രാജാക്കന്മാർ 8:1).

**സീനായ്പർവ്വതവും ന്യായപ്രമാണവും:** സീനായ്മലയിൽ വച്ചാണ് ദൈവം മോശെയ്ക്കു ന്യായപ്രമാണം കൊടുത്തത്. ആ രംഗം അതിഭയങ്കരമായിരുന്നു. അന്നേരം പർവ്വതത്തെ തൊടുന്ന മനുഷ്യനായാലും മൃഗമായാലും കൈ തൊടാതെ കല്ലെറിഞ്ഞോ എയ്തോ കൊല്ലണം എന്നു കർശനമായ നിർദ്ദേശം ഉണ്ടായിരുന്നു (പുറപ്പാട് 19:12,13). തീച്ചൂളയിലെ പുക പോലെ സീനായ്മലയിൽ നിന്നും പുക ഉയർന്നു (19:18). ഭീതിജനകമായ ഈ കാഴ്ച കണ്ട് ജനമെല്ലാം ഭയന്നു (ആവർത്തനം 5:5). “ഞാൻ അത്യന്തം പേടിച്ചു വിറക്കുന്നു എന്നു മോശെയും പറയത്തക്കവണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു” (എബ്രായർ 12:21). തീയുടെ നടുവിൽ നിന്നാണ് ദൈവം അരുളിച്ചെയ്തത് (ആവർത്തനം 5:4).

ദൈവജനമേ, നടുക്കത്തോടെ ഓർക്കുക: ഇതേ ദൈവത്തെത്തന്നെയാണ് നാം വിളിച്ചപേക്ഷിക്കുന്നത്. അന്ന് സീനായ്പർവ്വതത്തെ അഗ്നികൊണ്ട് പൊതിഞ്ഞ, കണ്ടു നിന്നവരെയെല്ലാം ഭയം വേട്ടയാടിയ, ആ നിമിഷങ്ങൾ നമുക്ക് ഭാവനയിൽ കാണാൻ കഴിയണം. ഇത്രമാത്രം ഭയങ്കരനും മഹത്വവാനുമായ ദൈവത്തെയാണ് ഇന്നു നാമും വിളിച്ചപേക്ഷിക്കുന്നത് എന്ന ചിന്ത നമ്മെ ഭരിക്കുവാനിടയായാൽ, ദൈവത്തോടുള്ള നമ്മുടെ മനോഭാവത്തിന് പുതിയ ദിശാബോധം കൈവരും എന്നുറപ്പാണ്. ഇന്നു ദൈവം എത്ര സൗമ്യമായി നമ്മോടു പെരുമാറുന്നു! എത്ര ദീർഘക്ഷമയോടെ നമ്മോടു പെരുമാറുന്നു!

**സീനായ്പർവ്വതവും മീതെയുള്ള യെരൂശലേമും:** ഗലാത്യലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് സാറാ, ഹാഗാർ എന്നീ സ്ത്രീകളെ യഥാക്രമം സീനായ്പർവ്വതത്തോടും മീതെയുള്ള യെരൂശലേമിനോടും തുലനം ചെയ്തു പഠിപ്പിക്കുന്നു (ഗലാത്യർ 4:21-31). സീനായ്മലയിൽ വച്ചാണല്ലോ ദൈവം മോശെയ്ക്ക് ന്യായപ്രമാണം കൊടുത്തത്. ആ ന്യായപ്രമാണത്തിന്റെ വ്യവസ്ഥകൾ പാലിക്കാൻ ബലഹീനനായ മനുഷ്യനു കഴിഞ്ഞില്ല. അങ്ങനെ സ്വാഭാവികമായും ന്യായപ്രമാണം മനുഷ്യനു ശത്രുത്വം ആയിത്തീർന്നു. “ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം” എന്നു നാം എഫെസ്യർ 2:14 ൽ വായിക്കുന്നുണ്ടല്ലോ.

ഈ ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും തന്റെ ക്രൂശുമരണത്തിലൂടെ കർത്താവ് നമ്മെ വീണ്ടെടുത്തു. കർത്താവിനെ സ്വന്തരക്ഷിതാവായി അംഗീകരിച്ചു വിശ്വാസികളായിത്തീർന്നവരിൽ കുറെ പേർക്ക് പിന്നെയും ന്യായപ്രമാണം അനുസരിക്കണമെന്ന ആഗ്രഹം നിലനിന്നു. ഇതു ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവസഭയിൽ പല പ്രശ്നങ്ങൾക്കും കാരണമായി. ഈ പശ്ചാത്തലത്തിലാണ് ഗലാതൃലേഖനത്തിൽ പൗലൊസ് സീനായിയും മീതെയുള്ള യെരൂശലേമും തമ്മിലുള്ള താരതമ്യം നടത്തുന്നത്.

"ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ഇച്ഛിക്കുന്നവരേ" (ഗലാത്യർ 4:21) എന്നു വിളിച്ചാണ് പൗലൊസ് തന്റെ വാദമുഖങ്ങൾ അവതരിപ്പിക്കുന്നത്. സീനായ്മല അടിമത്വത്തെ കാണിക്കുന്നു എന്നും, എന്നാൽ മീതെയുള്ള യെരൂശലേം സ്വതന്ത്രയാണെന്നും പൗലൊസ് ചൂണ്ടിക്കാണിക്കുന്നു. സീനായ്മലയല്ല, മീതെയുള്ള യെരൂശലേമാണ് നമ്മുടെ അമ്മ എന്നു പൗലൊസ് വെട്ടിത്തുറന്നു പറയുന്നുണ്ട് (4:26). ഇക്കാര്യം എബ്രായലേഖനത്തിൽ പറയുന്നത് ഇപ്രകാരമാണ്: "(സീനായ്പർവ്വതത്തിന്റെ) അടുക്കൽ അല്ലല്ലോ നിങ്ങൾ വന്നിരിക്കുന്നത്..... പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരൂശലേമിനും.... അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത്" (12:18-24).

അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ നാം പൂർണ്ണമായും ഒഴിഞ്ഞിരിക്കേണ്ടതാണ്. പരിച്ഛേദനയിലും ശബ്ബത്തിലും ഉത്സവങ്ങളിലും താത്പര്യമുള്ള വിശ്വാസികൾ ഇക്കാലത്തും ഉണ്ട് എന്നത് ലജ്ജാകരം തന്നെ. 'ഞങ്ങളെക്കൊണ്ടു അനുസരിക്കാൻ സാധിക്കുകയില്ല' എന്നു പല തലമുറകൾ പ്രഖ്യാപിച്ച ആ ന്യായപ്രമാണത്തിൽ നിന്നും ദൈവം നമ്മെ വീണ്ടെടുത്തിരിക്കെ, വീണ്ടും അതിലേക്കു തിരിയാനുള്ള വ്യഗ്രത വിശ്വാസികൾ കാണിക്കുന്നതിനെ എന്തു പറയേണ്ടൂ? എന്തെങ്കിലും നിസ്സാര കാരണവും പറഞ്ഞ് തങ്ങളുടെ ആൺമക്കളെ ആശുപത്രിയിൽ കൊണ്ടു പോയി ഡോക്ടർമാരെക്കൊണ്ട് പരിച്ഛേദന ചെയ്യിക്കുന്ന പ്രവണത വിശ്വാസികളിൽ ചിലർ കാണിക്കുന്നത് വളരെ മോശം തന്നെ.

പഴയനിയമകാലത്തെ ജനതയെ സീനായ്പർവ്വതത്തിന്റെ അടുത്ത് കൂട്ടിവരുത്തിയ ദൈവം, നമ്മെ സീനായ്പർവ്വതത്തിന്റെയല്ല, സീയോൻപർവ്വതത്തിന്റെ അടുത്താണ് കൂട്ടിവരുത്തിയത് എന്നോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യാം. അല്ലെങ്കിൽ ഇന്നു നാം യാഗങ്ങളർപ്പിച്ചും ശുദ്ധീകരണനിയമങ്ങൾ പാലിച്ചും കഷ്ടപ്പെടുമായിരുന്നു. കത്തിക്കാളുന്ന പർവ്വതത്തിന്റെ അടുക്കൽ നിന്നും നമ്മെ മാറ്റിയ സ്നേഹവാനായ ദൈവത്തിനു സ്തോത്രം!

**(തുടരും)**

# പരിശുദ്ധാത്മാവ്

28

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

## ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷയും ഇന്നത്തെ അന്യഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ

**കഴിഞ്ഞ 2 ലക്കങ്ങളിൽ ചിന്തിച്ചത്: (1) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷ അപ്രതീക്ഷിതമായി ലഭിച്ചിരുന്നു; ഇന്നത്തെ അന്യഭാഷ കാത്തിരിപ്പിനുശേഷമാണ് ലഭിക്കുന്നത്; (2) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷ ഏതെങ്കിലും ഒരു ഭാഷയായിരുന്നു; ഇന്നത്തെ അന്യഭാഷ അങ്ങനെയല്ല. (3) ഒന്നാംനൂറ്റാണ്ടിൽ അന്യഭാഷയ്ക്ക് ഇന്ന് പലരും കൊടുക്കുന്ന പ്രാധാന്യം ഉണ്ടായിരുന്നില്ല. (4) ഒന്നാംനൂറ്റാണ്ടിൽ അന്യഭാഷ പറയാൻ കഴിയാത്തത് ഒരു കുറവായി കണ്ടിരുന്നില്ല. ഇന്നാണെങ്കിലോ അന്യഭാഷ പറയാത്തത് ഒരു കുറവായി കണക്കാക്കുന്നു**

### (5) ഒന്നാംനൂറ്റാണ്ടിൽ സഭയിൽ അന്യഭാഷ ഉപയോഗിക്കാൻ ഒരു ക്രമം ഉണ്ടായിരുന്നു; ഇന്നു അതു പാലിക്കുന്നില്ല

സഭയിൽ അന്യഭാഷ ഉപയോഗിക്കാനുള്ള ക്രമം എന്തെന്ന് ബൈബിളിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. 1 കൊരിന്ത്യർ 14:27,28,39 എന്നീ മൂന്നു വാക്യങ്ങളിലാണ് അത് നാം കാണുന്നത്. ഇത് ഇപ്രകാരമാണ്:

1. സഭയിൽ അന്യഭാഷ സംസാരിക്കുന്നുവെങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നു പേരോ മാത്രം സംസാരിച്ചാൽ മതി (14:27)
2. എല്ലാവരുംകൂടി ഒരുമിച്ച് സംസാരിക്കരുത്; ഓരോരുത്തനായി സംസാരിക്കണം (14:27)
3. അന്യഭാഷയിൽ സംസാരിക്കുന്നുണ്ടെങ്കിൽ അത് വ്യാഖ്യാനിക്കണം (14:28)
4. വ്യാഖ്യാനവരം ഉള്ളവൻ സഭയിൽ ഇല്ലെങ്കിൽ, അന്യഭാഷക്കാരൻ ഉറക്കെ അന്യഭാഷ പറയരുത് (14:28)
5. ഇപ്രകാരമുള്ള അന്യഭാഷ വിലക്കരുത് (14:39)
6. സകലവും ഉചിതവും ക്രമവുമായി നടക്കണം (14:39)

മുകളിൽപ്പറഞ്ഞ ക്രമം പാലിച്ചുകൊണ്ട് അന്യഭാഷ പറയുന്ന ഏതെങ്കിലും പെന്തെക്കോസ്തുസഭകൾ ഉണ്ടോ? ഒരു കാക്കക്കുഞ്ഞ് കൂട്ടിൽനിന്നും താഴെ വീണാൽ എല്ലാ കാക്കകളും കൂടി നടത്തുന്ന പ്രകടനത്തെ അനുകരിക്കും

വിധം സഭയിൽ അന്യഭാഷ പറയാൻ ദൈവവചനം ആരെയും അനുവദിക്കുന്നില്ല. അന്യഭാഷ പറയുന്നു എന്ന് അവകാശപ്പെടുന്ന പെന്തെക്കോസ്തുകാർക്കും കരിസ്മാറ്റിക്കുകാർക്കും ദൈവവചനം പറയുന്ന ക്രമം പാലിച്ചുകൊണ്ട് അന്യഭാഷ പറയാൻ കഴിയുന്നില്ല. അവർ പറയുന്നത് വചനത്തിലെ അന്യഭാഷയല്ല എന്നതിന്റെ വ്യക്തമായ തെളിവാണ് ഇത്. വചനത്തിൽ പറഞ്ഞിട്ടുള്ള രീതി അനുസരിച്ച് അന്യഭാഷ പറയാൻ തുടങ്ങിയൽ ട്രൗസർ കീറും എന്ന് ഇവർക്ക് നന്നായി അറിയാം. അതുകൊണ്ട് ആ രീതി പിൻപറ്റാതെ എല്ലാവരും കൂടി കുറുക്കന്മാരെപ്പോലെ ബഹളം വയ്ക്കുന്നു!

**എതിർവാദം:** പെന്തെക്കോസ്തുനാളിലും കൊർന്നേല്യൊസിന്റെ ഭവനത്തിലുമെല്ലാം ഓരോരുത്തരായി അന്യഭാഷ പറയുകയായിരുന്നോ? അവിടെ വ്യാഖ്യാനി ഉണ്ടായിരുന്നുവോ?

**മറുപടി:** ഇപ്പറഞ്ഞവയൊന്നും സഭായോഗം അല്ലായിരുന്നുവല്ലോ. സഭയിൽ അന്യഭാഷ പറയുമ്പോൾ ബൈബിളിൽ പറഞ്ഞിട്ടുള്ള ക്രമം പാലിച്ചേ മതിയാകൂ.

(6) ഒന്നാം നൂറ്റാണ്ടിൽ അന്യഭാഷകൊണ്ട് എന്തെങ്കിലുമൊരു പ്രകടമായ പ്രയോജനം ഉണ്ടായിരുന്നു; ഇന്നത്തെ അന്യഭാഷകൊണ്ട് യാതൊരു പ്രയോജനവുമില്ല

അന്യഭാഷ പറഞ്ഞതുകൊണ്ട് എന്തെങ്കിലുമൊരു പ്രയോജനം അവിടെ ഉണ്ടായതായി നമുക്ക് കാണാൻ കഴിയുന്നു:

1. പെന്തെക്കോസ്തുനാളിൽ അന്യഭാഷ പറഞ്ഞതുകൊണ്ട്, പലരും ദൈവത്തിന്റെ വൻകാര്യങ്ങൾ സ്വന്തഭാഷയിൽ കേൾക്കുവാൻ ഇടയായി (അപ്പൊ.പ്രവൃ. 2:11)
2. കൊർന്നേല്യൊസിന്റെ ഭവനത്തിൽ അന്യഭാഷ പറഞ്ഞതുകൊണ്ട്, സ്നാനം കഴിപ്പിക്കണോ വേണ്ടയോ എന്ന തർക്കം അവസാനിപ്പിക്കാൻ സംഗതിയായി (അപ്പൊ.പ്രവൃ.10:44-48)
3. എഫെസൊസിൽ കണ്ട ശിഷ്യന്മാർ പരിശുദ്ധാത്മാവിനെപ്പറ്റി കേൾക്കുകപോലും ചെയ്തിട്ടില്ലാത്തവരായിരുന്നു. അവർ സ്നാനമേൽക്കുകയും അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തപ്പോൾ, വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നു ഇനി അവർക്കു ധൈര്യമായി പറയാൻ കഴിയുന്ന അവസ്ഥ കൈവന്നു (അപ്പൊ.പ്രവൃ. 19:1-7)
4. അന്യഭാഷ ഉൾപ്പെടെയുള്ള വരങ്ങൾ ഉപയോഗിക്കുമ്പോൾ പൊതുവായ നിലയിൽ പ്രയോജനം ഉണ്ടാകണം. അതായത്, അന്യഭാഷ പറയുന്നവനല്ലാതെ മറ്റുള്ളവർക്കു പ്രയോജനമുണ്ടാകണം (1 കൊരിന്ത്യർ 12:7)

**എതിർവാദം:** അന്യഭാഷകൊണ്ട് ദൈവത്തോടു സംസാരിക്കാം.

**മറുപടി:** അതു സ്വന്തഭാഷയിലും (മാതൃഭാഷയിലും) ആകാമല്ലോ. ദൈവത്തിന് എന്തു അന്യഭാഷ? അന്യഭാഷ എന്നാൽ അന്യനാട്ടുകാരുടെ ഭാഷ എന്നാണർത്ഥം. ഇനി അഥവാ ദൈവത്തോട് അന്യഭാഷയിൽതന്നെ സംസാരിക്കണം എന്നു നിർബന്ധം ഉള്ളവൻ ''സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ'' (1 കൊരിന്ത്യർ 14:28). എന്നുവച്ചാൽ, മറ്റുള്ളവർ കേൾക്കാൻ പാടില്ല. ആരെയെങ്കിലും കാണിക്കാനാണല്ലോ പലരും അന്യഭാഷ പറയുന്നത്. കഷ്ടം തന്നെ!

**(തുടരും)**

# ഇങ്ങനെയും ചിലർ

## പി. വി. സന്തോഷ്, വയനാട്

ഒരിടത്ത് ഒരു അത്യാഗ്രഹിയായ കൃഷിക്കാരൻ ഉണ്ടായിരുന്നു. അയൽക്കാരന്റെ സ്ഥലം കൂടി സ്വന്തമായി കിട്ടിയാൽ കൊള്ളാം എന്ന ആഗ്രഹം വളരെ നാളുകളായി അയാളുടെ ഉള്ളിൽ ഉണ്ടായിരുന്നു. പല പ്രാവശ്യം ഈ ആഗ്രഹം അയാൾ അയൽക്കാരനോട് അറിയിച്ചു. തനിക്കു പിതൃസ്വത്തായി ലഭിച്ച സ്ഥലം വിൽക്കുവാൻ ആ പാവം തയ്യാറായില്ല.

ഒടുവിൽ, ''ഒരു തവണ മാത്രം കൃഷി ചെയ്യുവാൻ സ്ഥലം പാട്ടത്തിനു തരണം; വിളവ് എടുത്തശേഷം ഒഴിഞ്ഞുതരാം'' എന്നു ആ സൂത്രശാലിയായ കൃഷിക്കാരൻ അയൽവാസിയോട് പറഞ്ഞു. ഓ, ഒരു തവണത്തേക്ക് മതിയല്ലോ, ഏറിയാൽ ഒരു വർഷം. തന്റെ അയൽക്കാരന്റെ ആഗ്രഹം സാധിച്ചുകൊടുക്കാൻ ആ ദരിദ്രൻ തയ്യാറായി.

കിട്ടിയ അവസരം ആ അത്യാഗ്രഹി നന്നായി ഉപയോഗിച്ചു. അയാൾ അവിടെ നിറയെ തേക്ക്തൈകൾ വച്ചു. ആ ദരിദ്രൻ തലയിൽ കൈവച്ചു ഇരുന്നുപോയി. വിള എടുത്ത ശേഷം സ്ഥലം ഒഴിഞ്ഞുകൊടുക്കും എന്നു കരാർ എഴുതിയ കാരണം ഒന്നും പറയാനും പറ്റില്ല. ആ കൃഷി വിളവെടുക്കണമെങ്കിൽ കുറഞ്ഞത് 25 വർഷമെങ്കിലും വേണ്ടിവരും!

**കുറിവാക്യം:** ''ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു'' (സഭാപ്രസംഗി 7:29)

# യോവേൽ

## (പുസ്തകപഠനം)

17

### എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:28,29**

**"അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും"**

അപ്പൊ.പ്രവൃ.2 ൽ, ഒരു പെന്തെക്കോസ്തുനാളിൽ ദൈവം തന്റെ പരിശുദ്ധാത്മാവിനെ ശിഷ്യന്മാരുടെ മേൽ അയച്ചു. അവർ അന്യഭാഷകളിൽ സംസാരിച്ചു. എന്നാൽ അവർ പുതുവീഞ്ഞ് കുടിച്ചിരിക്കുന്നു എന്നു മറ്റു ചിലർ പരിഹസിച്ചു. അങ്ങനെ പരിഹസിച്ചു പറഞ്ഞവരോട് പത്രൊസ്, യോവേൽ 2:28-32 വരെയുള്ള വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട്, അതിന്റെ നിറവേറലാണ് അവർ കണ്ടുകൊണ്ടിരിക്കുന്നത് എന്നു വിശദീകരിക്കുകയുണ്ടായി.

ഇവിടെ രണ്ടു കാര്യങ്ങൾ നമുക്ക് ചിന്തിക്കാം:

**(1) ദൈവവചനമായ ബൈബിളിന്റെ അതുല്യത**

യോവേൽ, അപ്പൊസ്തലപ്രവൃത്തികൾ എന്നീ പുസ്തകങ്ങൾ തമ്മിലുള്ള ബന്ധം നോക്കുക. യോവേലിന്റെ പുസ്തകം രചിക്കപ്പെട്ടത് ബി.സി. 900-ത്തിൽ! അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകമാകട്ടെ ഏഡി 33 ലും! ആദ്യത്തെ പുസ്തകമെഴുതിയത് യോവേൽ എന്ന പ്രവാചകനാണെങ്കിൽ, രണ്ടാമത്തേത് എഴുതിയത് ലൂക്കൊസ് എന്ന ഡോക്ടർ. വേദപുസ്തകം വായിക്കുന്നവന് 66 പുസ്തകങ്ങളും ഒറ്റ ഒരാൾ എഴുതിയതു പോലെ തോന്നും. ഭാഷാപരവും ശൈലീപരവുമായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും, ആശയപരമായ തുടർച്ച ബൈബിളിൽ ഉടനീളം കാണാവുന്നതാണ്. ഒരു നോവലിലെ അദ്ധ്യായങ്ങളിൽ തുടർച്ച കാണാവുന്നതുപോലെ, ബൈബിളിലെ 66 പുസ്തകങ്ങളിലും ഈ തുടർച്ച കാണാവുന്നതാണ്.

40-തിൽ അധികം എഴുത്തുകാരാൽ ഏകദേശം 1600 വർഷ ങ്ങൾകൊണ്ട് എഴുതപ്പെട്ട മഹത്ഗ്രന്ഥമാണ് ബൈബിൾ. ഒരാൾ മാറി മാറി പല പേനകൾകൊണ്ട് എഴുതുന്നതുപോലെ!

കാലഘട്ടത്തിന്റെ സവിശേഷത: 1600 വർഷം

എഴുത്തുകാരുടെ സവിശേഷത: രാജാവ്, അടിമ, പ്രവാചകൻ, ധന വാൻ, പാവപ്പെട്ടവൻ, ഇടയൻ, ഡോക്ടർ, മുക്കുവൻ...

എഴുതുവാൻ ഇരുന്ന സ്ഥലങ്ങളുടെ സവിശേഷത: ഏകാന്തമായ ദ്വീപ്, തടവറ, മരുഭൂമി, കൊട്ടാരം...

ഇതുപോലെ മറ്റൊരു ഗ്രന്ഥമില്ല. ഇതുപോലെ 'നാനാത്വത്തിൽ ഏകത്വം' കാണിക്കുന്ന വേറൊരു ഗ്രന്ഥവുമില്ല. ഖുർആൻ, രാമായ ണം, മഹാഭാരതം എന്നിങ്ങനെ ലോകത്ത് മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്ത ഒരു മഹാസവിശേഷതയാണിത്. പ്രിയ വിശ്വാസി, താങ്കളുടെ കയ്യിലുള്ള ബൈബിളിന്റെ യഥാർത്ഥ മൂല്യം തിരിച്ചറിയുക.

**(2) ദൈവിക വാഗ്ദത്തങ്ങളുടെ അതുല്യത**

ബിസി 900-ത്തിൽ ദൈവം യോവേലിനോട് പറഞ്ഞ കാര്യങ്ങൾ ഏകദേശം 1000-ത്തോളം വർഷങ്ങൾ കഴിഞ്ഞപ്പോൾ പെന്തെക്കോസ്തു നാളിൽ നിറവേറി. പ്രവചനം എഴുതി രേഖയാക്കിയതിനുശേഷം യോവേൽ മരിച്ചു; പിന്നീട് വന്നവരും മരിച്ചു; തലമുറകൾ മാറിപ്പോയി; പലരും പലതും മറന്നു. പക്ഷേ ദൈവം തന്റെ വാഗ്ദത്തം മറന്നില്ല. പറഞ്ഞത് എന്താണെന്നു ഓർമ്മയുള്ളവനും, പറഞ്ഞത് പ്രാവർത്തി കമാക്കുവാൻ പ്രാപ്തിയുള്ളവനുമാണ് നമ്മുടെ ദൈവം. "ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ" (2 കൊരി ന്ത്യർ 1:19,20).

പെന്തെക്കോസ്തുനാളിൽ പത്രൊസ് പറഞ്ഞത് നോക്കുക. "ഇതു യോവേൽപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതത്രേ." പണ്ട്, 1000 വർഷങ്ങൾക്ക്മുമ്പ്, യോവേൽപ്രവാചകൻ പറഞ്ഞത് കൃത്യമായി നിറ വേറിയിരിക്കുന്നു! 1000 കൊല്ലങ്ങളുടെ ഇടയിൽ എത്ര തലമുറകൾ മാറിപ്പോയി. പക്ഷേ അരുളിച്ചെയ്ത ദൈവത്തിനു മാറ്റമില്ല. പ്രിയ ദൈവ ജനമേ, ദൈവം തന്നിട്ടുള്ള വാഗ്ദത്തങ്ങൾ നിറവേറുകതന്നെ ചെയ്യും. മന്ത്രിമാരെപ്പോലെ മറക്കുന്നവനോ, ഒഴിഞ്ഞുമാറുന്നവനോ, ഒഴികഴിവു പറഞ്ഞ് സമയം വൈകിപ്പിക്കുന്നവനോ അല്ല നമ്മുടെ ദൈവം. ഈ ദൈവത്തെ അഭിമാനത്തോടെ, വിശ്വാസത്തോടെ നമുക്കു സേവിക്കാം.

### ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും

പല നാട്ടുകാർ, പല ഭാഷക്കാർ, പല പ്രായക്കാർ, പല ജോലിക്കാർ ഇങ്ങനെ സകല ജഡത്തിന്മേലും ദൈവം ആത്മാവിനെ പകരും. പുത്രന്മാരും വൃദ്ധന്മാരും യൗവനക്കാരും എല്ലാം അതിൽ ഉൾപ്പെടും. യെഹൂദരിൽനിന്നുള്ളവരും വിജാതീയരിൽനിന്നുള്ളവരും അതിൽ പെടും. അതുകൊണ്ടാണ് സകല ജഡത്തിന്മേലും എന്നു പറഞ്ഞിരിക്കുന്നത്.

ദൈവം തന്റെ ആത്മാവിനെ നമ്മുടെ മേൽ പകരുന്നത് എത്ര മനോഹരമാണ്! പലർക്കും പ്രവചനങ്ങളും അന്യഭാഷയും രോഗശാന്തിവരവും ദർശനവും ഒക്കെ ഉണ്ടായി. ഇന്നു നമുക്കു അന്യഭാഷയിൽ സംസാരിക്കാൻ കഴിയുന്നില്ലല്ലോ, പ്രവചിക്കാൻ കഴിയുന്നില്ലല്ലോ, രോഗശാന്തി വരുത്താൻ കഴിയുന്നില്ലല്ലോ കരുതി വിഷമിക്കേണ്ടതില്ല. ആത്മാവ് പകർന്നാൽ അന്യഭാഷയും പ്രവചനവും മാത്രമല്ല അനുഭവം. "പ്രവചനവരമോ അതു നീങ്ങിപ്പോകും; ഭാഷാവരമോ അതു നിന്നുപോകും" (1 കൊരിന്ത്യർ 13:8).

എന്നാൽ നീങ്ങിപ്പോകാത്തതും നിന്നുപോകാത്തതുമായ മറ്റു അനുഭവങ്ങൾ ഉണ്ട്. എഫെസ്യർ 5:18-21 വായിക്കുക: "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ." ഈ അനുഭവം ഒരിക്കലും നിന്നുപോകുന്നതല്ല. അതുകൊണ്ട് നമുക്ക് ഈ അനുഭവം സ്വന്തമാക്കാം.

(തുടരും)

## സത്യം തേടിയുള്ള അന്വേഷണം

**28 പേജ് മാത്രമുള്ള ഒരു ചെറുപുസ്തകമാണ് ഇത്. അന്വേഷകരായ ആളുകൾക്ക് കൊടുത്താൽ പ്രയോജനപ്പെടും. സുവിശേഷം അറിയിക്കുന്നതെന്തുകൊണ്ട്?, ബൈബിളിന് എന്തു വിശേഷത?, ദൈവവും സാത്താനും ഉണ്ടോ?, ഏതാണ് ശരിയായ ദൈവം?, ബഹുദൈവവിശ്വാസം ശരിയോ?, വിഗ്രഹം വച്ചാൽ എന്താണു പ്രശ്നം?...എന്നിങ്ങനെ പത്തു ചോദ്യങ്ങൾക്കുള്ള ഉത്തരം ആണ് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ളത്.**

ഈ പുസ്തകം സൗജന്യമാണ്.
ആവശ്യപ്പെടുന്നവർക്ക് ഫ്രീ ആയി അയച്ചുതരും.

**(എഡിറ്റർ)**

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 55

**എം.വി.എസ്.**

## ട്രാൻസ് എന്ന സിനിമ!

### വിമർശിച്ചത് പെന്തെക്കോസ്തുകാരെയോ, അതോ കരിസ്മാറ്റിക്ക്കാരെയോ!

പെന്തെക്കോസ്തുകാരെ കളിയാക്കുകയും വിമർശിക്കുകയും ചെയ്യുന്ന ഒരു സിനിമ എന്ന നിലയിലാണ് മലയാളസിനിമയായ *ട്രാൻസ്* പൊതുവെ അറിയപ്പെടുന്നത്. 2020 ൽ ഈ സിനിമ ഇറങ്ങിയതോടുകൂടിയാണ് കൊറോണ വന്നത് എന്ന് ചില വിവരമില്ലാത്ത പാസ്റ്റർമാർ വീമ്പിളക്കി. ഈ സിനിമ പെന്തെക്കോസ്തുകാർക്കെതിരാണെന്നും അതിനുള്ള ശിക്ഷയാണ് കൊറോണയെന്നും അവർ സ്വയം കൊട്ടിഘോഷിച്ചു. ഈ സിനിമയിലെ നായകനായ ഫഹദ് ഫാസിലിന് ഒരു ജലദോഷമോ പനിയോ വന്നപ്പോൾ, പെന്തെക്കോസ്തുകാരെ കളിയാക്കുന്ന സിനിമയിൽ നായകനായി അഭിനയിച്ചതുകൊണ്ട് ഉണ്ടായ ദൈവക്രോധമാണെന്നു വേറെ ചിലർ വിലയിരുത്തി. അങ്ങനെ ഈ സിനിമ പെന്തെക്കോസ്തുകാരെ കളിയാക്കുന്നതാണെന്നു പെന്തെക്കോസ്തുകാർ തന്നെ പരസ്യപ്പെടുത്തി.

കേരളത്തിൽ പെന്തെക്കോസ്തുകാരെ കളിയാക്കിക്കൊണ്ട് സിനിമ ഇറങ്ങിയതിന് അമേരിക്കയിലും ചൈനയിലും ഇറ്റലിയിലുമൊക്കെ കൊറോണ വന്നത് എന്തിന് എന്നു പിടികിട്ടാതെ എന്നെപ്പോലുള്ള മൂരാച്ചികൾ നെറ്റി ചുളിച്ചു. ആയിടയ്ക്കാണ് ടെലിവിഷനിൽ ട്രാൻസ് എന്ന സിനിമ പ്രദർശിപ്പിച്ചത്. ആ ടിവിചാനലുകാർക്ക് എന്തു ദുരന്തമാണാവോ വരാൻ പോകുന്നത് എന്നോർത്ത് ചിലർ മൂക്കത്ത് വിരൽവച്ചു. പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല. കൂടുതൽ ആളുകൾ ആ സിനിമ കണ്ടു. ആർത്തു ചിരിച്ചു. അത്ര തന്നെ.

പക്ഷേ, ഈ സിനിമയിൽ എവിടെയാണ് പെന്തെക്കോസ്തുകാരെ കളിയാക്കിയിരിക്കുന്നത്? കുറെയൊക്കെ പർവതീകരിച്ചല്ലേ കാര്യങ്ങൾ കൊടുത്തിരിക്കുന്നത് എന്നു തോന്നി. വാസ്തവത്തിൽ ഈ സിനിമയുടെ തിരക്കഥ തയ്യാറാക്കിയ വ്യക്തിക്ക് പെന്തെക്കോസ്തുകാരെക്കുറിച്ച് വേണ്ടത്ര വിവരമില്ലെന്നു തോന്നുന്നു. നായകനെ പാസ്റ്റർ എന്നു വിളിക്കുന്നുണ്ടെങ്കിലും ആ പാസ്റ്റർ പലപ്പോഴും പ്രാർത്ഥിക്കുന്നത് പള്ളിയിലാണ്! അതും കത്തോലിക്കരുടെ കർത്താവിന്റെ രൂപം വച്ചിട്ടുള്ള പള്ളിയിൽ! കേരളത്തിൽ ഏതു പാസ്റ്ററാണ് വിഗ്രഹങ്ങളൊക്കെ വച്ചിട്ടുള്ള പള്ളിയിൽ പോയി പ്രാർത്ഥിക്കുന്നത്? പാസ്റ്റർമാരായി വിലസിയിട്ടുള്ള ചിലർ അതുപേക്ഷിച്ച് പള്ളികളിൽ

തങ്ങളുടെ പറ്റിക്കൽശുശ്രൂഷ നടത്തുന്നതായി അറിയാം. അതല്ലാതെ ഏതെങ്കിലും പെന്തെക്കോസ്തുപാസ്റ്റർമാർ വിഗ്രഹങ്ങൾ വച്ചിട്ടുള്ള പള്ളിയിൽ പ്രാർത്ഥനയ്ക്കായി പോവുകയില്ല. പക്ഷേ സിനിമയിലെ പാസ്റ്റർ പലപ്പോഴും പള്ളിയിലാണ്!

രോഗസൗഖ്യത്തിനായി പൂജിച്ച വെള്ളം വിൽക്കുന്നുണ്ട് സിനിമയിലെ പാസ്റ്റർ! ഉള്ളതു പറയാമല്ലോ, പെന്തെക്കോസ്തുപാസ്റ്റർമാരിൽ ചിലർ പല ഉഡായിപ്പും കാണിക്കാറുണ്ടെങ്കിലും, പൂജിച്ച വെള്ളം കാശിനു വിൽക്കാൻ മാത്രം അധപതിച്ചവരല്ല. എന്നാൽ ശവക്കോട്ടയിൽ ഒരു കുഞ്ഞിന്റെ ശവം അടക്കുമ്പോൾ പള്ളിയിലെ അച്ചനല്ല, ഒരു പാസ്റ്ററാണ് നേതൃത്വം കൊടുക്കുന്നതായി കാണുന്നത്. പാസ്റ്റർ എന്ന വിളിയും, ശവക്കോട്ടയിലെ പാസ്റ്ററുടെ സാന്നിധ്യവും നിമിത്തമാകാം ഈ സിനിമ പെന്തെക്കോസ്തുകാർക്ക് എതിരാണെന്നു പറയുന്നത്. പക്ഷേ പള്ളിയും കുരിശും വിഗ്രഹവുമോ?!

സിനിമാക്കാരേ, കേരളത്തിലെ പാസ്റ്റർമാർ ആരും പള്ളിയിൽ പോയി പ്രാർത്ഥിക്കാറില്ല, കുരിശ് ധരിക്കാറില്ല, വിഗ്രഹങ്ങളുടെ മുമ്പിൽ പ്രാർത്ഥിക്കാറില്ല. ഇതൊക്കെ ചെയ്യുന്നവർ പ്രധാനമായും കത്തോലിക്കരാണ്. അവരാണെങ്കിൽ പാസ്റ്റർമാർ എന്നു സ്വയം അറിയപ്പെടാറുമില്ല. ശവം അടക്കുന്നത് അച്ചന്മാരുടെ നേതൃത്വത്തിലായിരിക്കുകയും ചെയ്യും. അപ്പോൾ ഈ സിനിമയിലൂടെ നിങ്ങൾ ആരെയാണ് ഉന്നം വച്ചത്? ഒന്നുകിൽ കരിസ്മാറ്റിക്കുകാരെ, അല്ലെങ്കിൽ പെന്തെക്കോസ്തുകാരെ. പക്ഷേ പറഞ്ഞുവന്നപ്പോൾ രണ്ടു കൂട്ടരുടെയും മിശ്രണമായിപ്പോയി!

എങ്കിലും ആത്മികലോകത്തെ തട്ടിപ്പുകളെ കുറച്ചൊക്കെ അനാവരണം ചെയ്യുവാൻ ആ സിനിമയിൽ ശ്രമിച്ചിട്ടുണ്ട്. ഇത്തിരി ഓവറാക്കിയിട്ടാണ് അവ തരിപ്പിച്ചിരിക്കുന്നത് എന്നേയുള്ളൂ. മനോരോഗികൾ നടത്തുന്ന വിടുതൽശുശ്രൂഷ, ഗുണ്ടായിസം, കപടരോഗശാന്തി, കള്ളഅന്യഭാഷ, ആത്മികരംഗത്തുള്ള മാഫിയകൾ എന്നിങ്ങനെയുള്ള ഘടകങ്ങളിലേക്ക് വെളിച്ചം വീശാൻ ഈ സിനിമയുടെ അണിയറപ്രവർത്തകർ ശ്രമിച്ചിട്ടുണ്ട് എന്നതു വാസ്തവമാണ്.

പക്ഷേ ഇതു പെന്തെക്കോസ്തുകാരെ കുറ്റം പറയുന്ന സിനിമ എന്നും പറഞ്ഞ് കത്തോലിക്കരും കരിസ്മാറ്റിക്കുകാരും ആശ്വസിക്കേണ്ടതില്ല. നിങ്ങളുടെ ധ്യാനകേന്ദ്രങ്ങളിൽ നടക്കുന്ന തട്ടിപ്പും വെട്ടിപ്പും ഗുണ്ടായിസവും എല്ലാം കുപ്രസിദ്ധമാണ്. മുസ്ലീങ്ങളുടെ ഇടയിലും ഹിന്ദുക്കളുടെ ഇടയിലും ഇതുപോലുള്ള ആത്മികത്തട്ടിപ്പ്വീരന്മാർ ഇല്ലേ? സിനിമയിലെ പാസ്റ്റർ അവസാനം മാനസാന്തരപ്പെട്ടതുപോലെ ഇന്നത്തെ ആത്മികലോകത്തെ കപടവേഷധാരികൾ മാനസാന്തരപ്പെട്ടെങ്കിൽ! മറ്റുള്ളവർക്കു പറഞ്ഞു ചിരിക്കാനും പരിഹസിക്കാനുമായി എന്തിനാണ് മക്കളേ ഈ വേഷം കെട്ടലുകൾ! ഇത്തരം ദുരന്തക്കാഴ്ചകൾ സമൂഹത്തിൽനിന്നും അപ്രത്യക്ഷമാകട്ടെ.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th September 2020

Posted at
Thrissur RMS

**ആനുകാലികം**

## ഗാന്ധിജിയുടെ കണ്ണടയ്ക്ക് 2.5 കോടി രൂപ!

ഗാന്ധിജിയുടെ കണ്ണട സ്വന്തമാക്കാനായി നടത്തിയ ഓൺലൈൻ ലേലത്തിൽ 2.5 കോടി രൂപയ്ക്ക് ഒരു യു.എസ്. പൗരൻ അതു സ്വന്തമാക്കി. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ഉണ്ടായിരുന്ന കാലത്തെ കണ്ണടയാണിത്. ഏകദേശം 100 വർഷങ്ങൾക്കു ശേഷമാണ് ആ കണ്ണട ലേലം ചെയ്തത്. ലഭിച്ചത് റെക്കോർഡ് തുകയും!

ഗാന്ധിജിക്ക് മനുഷ്യമനസ്സിലുള്ള സ്ഥാനമാണ് ഈ സംഭവം വിളിച്ചറിയിക്കുന്നത്. പക്ഷേ ഗാന്ധിജി പറഞ്ഞ ചില നല്ല കാര്യങ്ങളുണ്ട്. അതിനോട് പൊതുവെ ജനം മുഖംതിരിഞ്ഞു നിൽക്കുക്കുന്നതാണ് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യം. ഗാന്ധിജി വളരെ ഉയർത്തിപ്പിടിച്ച ആശയമാണ് അഹിംസ. അതിനു പ്രാധാന്യം കൊടുക്കാതെ, അദ്ദേഹത്തിന്റെ കണ്ണടയ്ക്ക് പ്രാധാന്യം കൊടുക്കുമ്പോൾ അതു വെറും പ്രഹസനമാകും.

ലേലത്തിൽ പങ്കെടുത്തവരെല്ലാം അഹിംസയ്ക്ക് പ്രാധാന്യം കൊടുക്കട്ടെ. പരമാവധി നേര് പറയാൻ താത്പര്യം കാണിച്ച വ്യക്തിയാണ് ഗാന്ധിജി. നേരിനും സത്യസന്ധതയ്ക്കും ഈ ലോകത്തിൽ വളരെ തുച്ഛമായ സ്ഥാനം മാത്രമേയുള്ളൂ എന്നോർക്കുമ്പോൾ, ഈ കണ്ണടയുടെ ലേലത്തിന്റെ തിളക്കം പിന്നെയും കുറയും. ഗാന്ധിജിയുടെ കണ്ണടയല്ല, അദ്ദേഹം അവതരിപ്പിച്ച നല്ല ആശയങ്ങളെ നമുക്ക് സ്വന്തമാക്കാം. അതിന് ഇത്രയും കോടി രൂപ മുതൽമുടക്കേണ്ടി വരികയില്ല. *(23-08-2020 ലെ പത്രവാർത്ത)* ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V